...CHED
on..14/2/22..

04-02-22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.694(4)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2126/എസ്.ഐ.സി–ജി 2/2021)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി 04.02.2022)

ശ്രീ. ഇസ്മയിൽ സാഹിബ്,
കൈതമ്മട്ടിൽ ഹൗസ്,
കളക്ടറേറ്റിന് സമീപം,
പത്തനംതിട്ട.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെൽത്ത് സൂപ്പർവൈസർ,
   പത്തനംതിട്ട മുനിസിപ്പാലിറ്റി,
   പിൻ- 689 645.

2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   പത്തനംതിട്ട നഗരസഭ.

എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് 12.02.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, ഒന്നാം എതിർകക്ഷിയുടെ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന നിശ്ചിത ബാർബർ ഷോപ്പിന് അനുമതി നൽകിയതിന് ആധാരമാക്കിയ രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 13.01.2022 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. താൻ ആവശ്യപ്പെട്ട രേഖകൾക്ക് നിശ്ചിത ഫീസ് മുനിസിപ്പാലിറ്റിയിൽ അടച്ചെങ്കിലും, ആവശ്യപ്പെട്ട പകർപ്പുകൾ ലഭിച്ചില്ലെന്നും, അവ അയച്ചുതരുമെന്ന് എസ്.പി.ഐ.ഒ പറഞ്ഞെന്നും അപ്പീൽ ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു.

4. എന്നാൽ ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ എല്ലാ പകർപ്പുകളും 08.01.2021ൽ നേരിട്ട് ഒപ്പിട്ട് വാങ്ങിയതാണെന്നും, ഇത് 14 പേജുവരുന്ന രേഖകളായിരുന്നുവെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

5. ഇതു ബോധ്യപ്പെടുന്നതിനുവേണ്ടി അപ്പീൽ ഹർജിക്കാരൻ നേരിട്ട് ഒപ്പിട്ടു വാങ്ങിയതിന്റെ കൈപ്പറ്റ് രസീത് കമ്മീഷന് ലഭ്യമാക്കണമെന്ന് ഹിയറിംഗ് വേളയിൽ തന്നെ കമ്മീഷൻ ഒന്നാം എതിർകക്ഷിക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ ഹിയറിംഗിനുശേഷം ഒരു മാസം ആകാറാകുമ്പോഴും, ടി കൈപ്പറ്റ് രസീത് ഒന്നാം എതിർകക്ഷി കമ്മീഷന് ലഭ്യമാക്കിയിട്ടില്ല.

6. ഇത് ഒന്നാം എതിർകക്ഷിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപവും, വീഴ്ചയുമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതുകൊണ്ട്, ടി രേഖകൾ അപ്പീൽ ഹർജിക്കാരൻ ഒപ്പിട്ടു വാങ്ങിയതിന്റെ കൈപ്പറ്റ് രസീത് ഉത്തരവ് കൈപ്പറ്റി മടക്കത്തപാലിൽ തന്നെ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

7. എന്നാൽ 08.01.2021 ൽ അപേക്ഷകൻ നേരിട്ടു ഒപ്പിട്ടു കൈപ്പറ്റി എന്നു പറയുന്ന രേഖകളുടെ പകർപ്പ് ടിയാന് ലഭിച്ചിട്ടില്ലെന്നാണ് ഒരു വർഷത്തിനുശേഷം 13.01.2022 ൽ നടത്തിയ ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരൻ മൊഴി നൽകിയത്. അതുകൊണ്ട് നേരത്തെ അപ്പീൽ ഹർജിക്കാരൻ നേരിട്ടു ഒപ്പിട്ടു വാങ്ങി എന്ന ഒന്നാം എതിർകക്ഷിയുടെ മൊഴി അംഗീകരിച്ചാൽ തന്നെയും, ഉത്തരവ് കൈപ്പറ്റി ഉടൻ തന്നെ ഈ പകർപ്പുകൾ അപ്പീൽ ഹർജിക്കാരന് ടിയാൻ നൽകേണ്ടതും മടക്കതപാലിൽ തന്നെ ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതും ആണ്. അല്ലാത്തപക്ഷം ഒന്നാം എതിർകക്ഷിക്കെതിരെ

ഗുരുതരമായ അച്ചടക്ക ലംഘനത്തിനും കൃത്യവിലോപത്തിനും, കമ്മീഷനോട് കളവ് പറഞ്ഞതിനും ടിയാനെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാൻ കമ്മീഷൻ നിർബന്ധിതമാകുന്നതാണ്.

8. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 04.02.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re